മറ്റും ഒരുക്കിയശേഷം അങ്ങേയ്ക്ക് ഞാൻ നിവേദനം തന്നിട്ട് രണ്ടുവർഷമായി. അങ്ങ് അത് അനുവദിക്കുമെന്നും പറഞ്ഞു. അവിടെ അടിയന്തിരമായി മാവേലി സ്റ്റോർ തുറന്നുപ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഒരെണ്ണം അനുവദിച്ചില്ലേ? കഴിഞ്ഞ വർഷം ഒരു എം.എൽ.എ.യുടെ നിയോജകമണ്ഡലത്തിൽ ഒരു മാവേലിസ്റ്റോർ അനുവദിക്കാം എന്നുപറഞ്ഞതനുസരിച്ച് അദ്ദേഹത്തിന്റെ മണ്ഡലത്തിലും അനുവദിച്ചു. ഉത്ഘാടനം ചെയ്തുകഴിഞ്ഞു. ഇപ്പോൾ അദ്ദേഹം പറയുന്നത് ഈ വർഷം തുടങ്ങേണ്ടതിന്റെ കാര്യമാണ്. അത് പരിഗണിക്കാം.

മി. സ്പീക്കർ : ചോദ്യം (*452)-ഉം (*469)-ഉം ക്ലബ് ചെയ്തു എടുക്കാം.

2 (*452) ജനസേവനകേന്ദ്രങ്ങൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീമതി ആർ ലതാദേവി :
ശ്രീ. പി. രാജു :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനസേവനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കേന്ദ്രങ്ങൾ; എവിടെയെല്ലാം;

(സി) ജനസേവനകേന്ദ്രങ്ങളിൽ ഏർപ്പെടുത്തുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ,

(എ)&(ബി) ഉണ്ട്. പൊതുജനങ്ങൾക്ക് നിത്യ ജീവിതത്തിൽ അവശ്യം വേണ്ടുന്ന സേവനം നൽകുന്ന വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവയിലെല്ലാം പോകാതെതന്നെ ഇവയുടെപ്രധാനപ്പെട്ട സേവനങ്ങളും പ്രയോജനങ്ങളും വിവരവിനിമയ സാങ്കേതികതയിലൂടെ സമന്വയിപ്പിച്ച് ഒരു ഏകജാലക സംവിധാനത്തിൽക്കൂടി ലഭ്യമാക്കുന്ന 'സമഗ്ര സേവന കേന്ദ്രം' തിരുവനന്തപുരം നഗരസഭാ അതിർത്തിക്കുള്ളിൽ ഒരു പൈലറ്റ് പ്രോജക്ടായി നടപ്പാക്കുന്നതിന് തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്.

(സി) പ്രസ്തുത സമഗ്ര സേവന കേന്ദ്രത്തിൽ തിരുവനന്തപുരം നഗരസഭ, വൈദ്യുതി ബോർഡ്, ജല അതോറിറ്റി, മോട്ടോർ വാഹന വകുപ്പ്, സിവിൽ സപ്ലൈസ്, കേരള സർവ്വകലാശാല തുടങ്ങിയ വകുപ്പുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലൂടെ ലഭ്യമാകുന്ന ഉപയുക്ത സേവനങ്ങളുടെ ബില്ലുകൾ സ്വീകരിക്കുക, അവയിലേയ്ക്ക് ഒടുക്കേണ്ട ഫീസ്/നികുതി തുടങ്ങിയവ സ്വീകരിക്കുക, പാസ്പോർട്ട് അപേക്ഷകൾ ലഭ്യമാക്കുക തുടങ്ങിയവയ്ക്കാവശ്യമായ സൗകര്യങ്ങൾ സജ്ജമാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

3 (*469) ജനസേവനകേന്ദ്രങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങൾ

ശ്രീ. എ. കണാരൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :

LIBRARY ARCHIVES Kerala Legislative Assembly